നായർ സർവീസ് സൊസൈറ്റി

താലൂക്ക് യൂണിയൻ നിബന്ധനകൾ

2023

നായർ സർവ്വീസ് സൊസൈറ്റി പുതുക്കിയ നിബന്ധന 50-ാം വകുപ്പ് ഇൻ ഉപവകുപ്പിൻ പ്രകാരം 31-12-124-ൽ കൂടിയ എൻ.എസ്.എസ്. ഡയറക്ടർ ബോർഡ് പാസാക്കിയതും 4-2-1951ൽ കൂടിയ എൻ.എസ്.എസ്. പൊതുയോഗത്തിൽ അംഗീകരിക്കപ്പെട്ടതിനെ തുടർന്ന് 9-6-1951, 30-11-1952, 15-3-1953, 27-8-1998, 8-2-2014, 16-3-2019, 30-6-2020, 9-7-2021, 28-9-2022, 24-2-2023 എന്നീ തീയതികളിൽ കൂടിയ എൻ.എസ്.എസ്. ഡയറക്ടർ ബോർഡ് യോഗങ്ങൾ ഭേദഗതി വരുത്തിയതും ആയ

താലൂക്ക് യൂണിയൻ നിബന്ധനകൾ

1. ഈ യൂണിയന്റെ പേര്......981......-ാം നമ്പർ.. .... താലൂക്ക് എൻ.എസ്.എസ്. കരയോഗ യൂണിയൻ എ

2. ഇതിന്റെ മേൽവിലാസം.................. ....താലൂക്കിൽ
....വില്ലേജിൽ
....പോസ്റ്റ്
എന്നായിരിക്കുന്നതാണ്

3. ഈ യൂണിയനിൽ.. ....താലൂക്കിലുള്ള എല്ലാ കരകളും ഉൾപ്പെടുന്നു.

ഉദ്ദേശ്യങ്ങൾ

4. ഇതിന്റെ ഉദ്ദേശ്യങ്ങൾ താഴെ വിവരിക്കുന്നവയാകുന്നു.

എ. * അംഗങ്ങളാകുന്ന കരയോഗങ്ങളുടേയും ഗ്രൂപ്പ് യൂണിയനുകളുടേയും മറ്റു സ്ഥാപനങ്ങളുടേയും ജോലി പരിശോധിക്കുകയും അവയെ എൻ.എസ്.എസ്.ന്റെ ആദർശങ്ങൾക്കനുഗുണമായും സൊസൈറ്റി യിൽ നിന്നുള്ള നിർദ്ദേശങ്ങൾക്കനുസരണമായും പ്രവർത്തിപ്പിക്കുക.

എ എ * യൂണിയന്റെ / അസോസിയേഷന്റെ ആനുകൂല്യങ്ങൾ ജാതി-മത-വിശ്വാസ -ലിംഗഭേദമെന്യേ എല്ലാവർക്കും നല്കാവുന്നതാണ്.

ബി. വ്യവസ്ഥാപിതവും സൃഷ്ടിപരവുമായ മാർഗ്ഗങ്ങളിൽ കൂടി ഗ്രാമോദ്ധാരണ കൃത്യങ്ങൾ നടത്തുക.

സി. കരയോഗങ്ങളും സർവ്വീസ് സൊസൈറ്റിയും ആയുള്ള സംഘടനയ്ക്ക് ശൈഥില്യം വരാതെ സൂക്ഷിക്കുക.

ഡി. കരയോഗങ്ങളുടെ വ്യാപാരവിഷയത്തിൽ ഏജന്റായി പ്രവർത്തിക്കുക.

ഇ. താലൂക്കിലുള്ള എല്ലാ കരകളിലും എൻ.എസ്.എസ്. കരയോഗങ്ങൾ സ്ഥാപിച്ച് യൂണിയനോടു സംഘടിപ്പിക്കുകയും, കരയോഗങ്ങൾ ചേർന്നുള്ള ഗ്രൂപ്പു

---

4 എ, എ എ * 24.2.2023-ൽ ഭേദഗതി വരുത്തി

യൂണിയനുകൾ സംഘടിപ്പിച്ച് പ്രവർത്തിപ്പിക്കുകയും അവയുടെ മേൽനോട്ടം വഹിക്കുകയും ചെയ്യുക.

എഫ്. യൂണിയന്റെ അതൃത്തിക്കകത്ത് പാർക്കുന്ന സമുദായാംഗങ്ങളുടെ ഇടയിൽ ആവശ്യമുള്ള എല്ലാവിധ സംഘടനാപ്രവർത്തനങ്ങളും നടത്തുകയും കരയോഗങ്ങൾ തമ്മിലും കരയോഗാംഗങ്ങളുടെ ഇടയിലും ഉണ്ടാകുന്ന അഭിപ്രായഭിന്നതകൾ, വ്യവഹാരങ്ങൾ ഇവയ്ക്ക് മദ്ധ്യസ്ഥത വഹിക്കുകയും ചെയ്യുക.

ജി. ആവശ്യമുള്ള പൊതുസ്ഥാപനങ്ങൾ ഏർപ്പെടുത്തുക.

എച്ച്. താലൂക്കിലുള്ള വിദ്യാലയങ്ങൾ, ആശ്രമങ്ങൾ, ക്ഷേത്രങ്ങൾ, വ്യവസായ ശാലകൾ മുതലായ സ്ഥാപനങ്ങളുടെ ഭരണം ഏറ്റെടുത്ത് ആവശ്യമായ പരിഷ്കാരങ്ങളോടുകൂടി നടത്തുക.

ഐ. ഈ നിബന്ധനയിൽ നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗങ്ങളിൽകൂടി ധനശേഖരം ചെയ്യുക.

ഘടന

5. യൂണിയനതൃത്തിയിൽ ഉൾപ്പെട്ടതും, സൊസൈറ്റി അംഗീകരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ കരയോഗങ്ങളും സൊസൈറ്റിയാൽ അംഗീകൃതമായ മറ്റു സ്ഥാപനങ്ങളും യൂണിയനിലെ അംഗങ്ങളായി ഗണിക്കപ്പെടുന്നതാകുന്നു. യൂണിയൻ പൊതുയോഗത്തിന് അഭിപ്രായമുള്ളപക്ഷം താലൂക്കിലുള്ള എൻ.എസ്.എസ്. വ്യക്തിമെമ്പറന്മാരേയും യൂണിയനിലെ അംഗങ്ങളായി ചേർക്കാവുന്നതും എന്നാൽ അങ്ങനെയുള്ള വ്യക്തി മെമ്പറന്മാർ ആയുഷ്കാലം മാത്രം അംഗങ്ങളായിരിക്കുന്നതുമാകുന്നു.

6. ഒരു കരയോഗത്തെ യൂണിയനിൽ അംഗമായി ചേർക്കാതിരിക്കുവാനും, അംഗമായ കരയോഗത്തെ അതിൽനിന്നും ഒഴിവാക്കുവാനും ഉള്ള അധികാരം രജിസ്ട്രാരിൽ മാത്രം സ്ഥിതിചെയ്യുന്നതാകുന്നു.

7. 5-ാം വകുപ്പിൻപ്രകാരമുള്ള സ്ഥാപനപ്രതിനിധികളും എൻ.എസ്.എസ്. മെമ്പറന്മാരും കൂടി ചേരുമ്പോൾ അത് യൂണിയന്റെ പൊതുയോഗമാകുന്നു.

8. * സംഘടിത സ്ഥാപനങ്ങളുടെ പൊതുയോഗത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന ഈരണ്ടു പ്രതിനിധികൾ കരയോഗയൂണിയനിൽ മൂന്നു കൊല്ലത്തേക്ക് പ്രസ്തുത സ്ഥാപനങ്ങളുടെ പ്രാതിനിധ്യം വഹിക്കേണ്ടതാകുന്നു.

(എ) ** യൂണിയൻനിബന്ധന 41(ജെ)-ൽ പരാമർശിക്കുന്ന എൻ.എസ്.എസ്. പ്രതിനിധി (ഇലക്ടറൽ റോൾ മെമ്പർ)-യുടെ തിരഞ്ഞെടുപ്പുകാലാവധി മൂന്നു വർഷം ആയിരിക്കുന്നതാണ്.

---

8 * 16.3.2019, 30.6.2020, 9.7.2021, 28.9.2022-ൽ ഭേദഗതി വരുത്തി

8 (എ) ** 9.7.2021, 28.9.2022-ൽ ഭേദഗതി വരുത്തി

വരവു ചെലവ്

യൂണിയന്റെ ധനാഗമമാർഗ്ഗങ്ങൾ താഴെപ്പറയുന്നവയാകുന്നു.

എ. പ്രതിനിധി ഫീസ്, ആഡിറ്റ് ഫീസ് ഉൾപ്പെടെയുള്ള മേലന്വേഷണ ഫണ്ടിന്റെ 50%

ബി. * എൻ.എസ്.എസ്. വ്യക്തിമെമ്പർമാരുടെ വാർഷികഫീസ് - 50 രൂപ.

സി. വിഷുപ്പിരിവ് - കരയോഗങ്ങളിലെ പിരിവിന്റെ ¼ തുക

ഡി. സംഭാവന

ഇ. പഞ്ചായത്തു ഫീസ്

എഫ്. മറ്റിനങ്ങൾ

ജി. ** ലാഭം ലക്ഷ്യമാക്കിയുള്ള വ്യാപാരങ്ങൾ നടത്താൻ പാടില്ലാത്തതാണ്.

എച്ച് ** ഏതെങ്കിലും തരത്തിലുള്ള വ്യാപാരം നടത്താൻ താല്പര്യപ്പെടുകയാണെങ്കിൽ ഇൻകം ടാക്സ് ആക്ട് 1961-ലെ സെക്ഷൻ 11(4) പ്രകാരവും സെക്ഷൻ 80 G (5)(1) നിബന്ധനകൾ പാലിച്ചുകൊണ്ടായിരിക്കേണ്ടതാണ്.

യൂണിയന്റെ ഓരോ വർഷത്തെയും വരവു ചെലവിന് മുൻകൂട്ടി ബഡ്ജറ്റ് തയ്യാറാക്കി പൊതുയോഗത്തിൽ പാസാക്കി എൻ.എസ്.എസ്. കരയോഗം രജിസ്ട്രാർക്ക് അയയ്ക്കേണ്ടതും രജിസ്ട്രാറുടെ അംഗീകാരം വാങ്ങേണ്ടതുമാകുന്നു.

** യൂണിയൻ/എക്സിക്യൂട്ടീവ് കമ്മറ്റി യൂണിയന്റെ വരവു-ചെലുകണക്കുകളും, ബാക്കിപത്രവും, ബന്ധപ്പെട്ട കണക്കുരജിസ്റ്ററുകളും സൂക്ഷിക്കേണ്ടതാണ്. ഈ രേഖകൾ എല്ലാ വർഷവും മാർച്ച് 31-ന് ക്ലോസ് ചെയ്യേണ്ടതും ഈ രജിസ്റ്ററുകൾ / കണക്കുകൾ നിയമാനുസൃതമായി യോഗ്യതയുള്ള ചാർട്ടേർഡ് അക്കൗണ്ടന്റിനെക്കൊണ്ട് ആഡിറ്റ് ചെയ്യേണ്ടതാണ്.

ഭരണം

യൂണിയൻ ഭരണത്തിനുള്ള അധികാരവും, കാര്യനിർവ്വഹണത്തിനുള്ള ചുമതലയും, യൂണിയൻ കമ്മറ്റിയിൽ സ്ഥിതിചെയ്യുന്നതാകുന്നു.

കരയോഗം രജിസ്ട്രാരുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളും യൂണിയൻ പൊതുയോഗത്തിന്റെ നിശ്ചയങ്ങളും അനുസരിച്ച് കമ്മറ്റി ഭരണച്ചുമതല നിർവഹിക്കേണ്ടതാകുന്നു.

* ഈ കമ്മറ്റിയിലെ അംഗങ്ങളെ പൊതുയോഗം അവരുടെ ഇടയിൽനിന്നും മൂന്നുകൊല്ലത്തിലൊരിക്കൽ തിരഞ്ഞെടുക്കേണ്ടതാകുന്നു. കമ്മറ്റിയുടെ എണ്ണം 7-ൽ കുറയാനും 15-ൽ കവിയാനും പാടില്ലാത്തതാകുന്നു. കാലാവധി കഴിഞ്ഞാലും പുതിയ കമ്മറ്റി മെമ്പർമാർ ചാർജ്ജെടുക്കുന്നതുവരെ അവർതന്നെ ചുമതല വഹിക്കേണ്ടതും ഇടക്കാലത്തുണ്ടാകുന്ന ഒഴിവുകളിൽ കമ്മറ്റി

---

9 (ബി) * 8.2.2014-ൽ ഭേദഗതി വരുത്തി

9 ജി, എച്ച് 10 എ ** 24.2.2023-ൽ ഭേദഗതി വരുത്തി

13 * 8.2.2014-ൽ ഭേദഗതി വരുത്തി

മെമ്പർമാരെ കോ-ഓപ്റ്റ് ചെയ്യുന്നതിന് കമ്മറ്റിക്ക് അധികാരമുള്ളതും എന്നാൽ അടുത്ത പൊതുയോഗത്തിൽ അതിന് അനുവാദം വാങ്ങിക്കേണ്ടതും ആകുന്നു. ഈ കോ-ഓപ്ഷനും കരയോഗം രജിസ്ട്രാറുടെ അംഗീകാരം ഉണ്ടായിരിക്കേണ്ടതാണ്.

14. തെരഞ്ഞെടുക്കപ്പെട്ടവരിൽനിന്നും പ്രസിഡന്റ്, വൈസ്പ്രസിഡന്റ് എന്നീ ഉദ്യോഗസ്ഥന്മാരെ പൊതുയോഗംതന്നെ തെരഞ്ഞെടുക്കേണ്ടതും തെരഞ്ഞെടുപ്പു കഴിഞ്ഞാൽ വിവരത്തിന് കരയോഗം രജിസ്ട്രാർക്ക് എഴുതി അയച്ച് പേരുകൾ രജിസ്റ്റർ ചെയ്യിപ്പിക്കേണ്ടതുമാകുന്നു. ആവശ്യമുള്ള പക്ഷം ഒരു ജോയിന്റ് സെക്രട്ടറിയെക്കൂടി തെരഞ്ഞെടുക്കാവുന്നതാണ്.

15. കമ്മറ്റിയുടെ കോറം അഞ്ചായിരിക്കും.

16. കമ്മറ്റിയോഗം ആവശ്യംപോലെ കൂടാവുന്നതും മാസത്തിലൊരിക്കലെങ്കിലും കൂടേണ്ടത് നിർബന്ധവുമാകുന്നു.

17. യൂണിയന്റെ ഓരോ മാസത്തെയും മാസാന്ത്യം, നിർദ്ദിഷ്ടഫാറത്തിൽ തയ്യാറാക്കി കമ്മറ്റി യോഗത്തിൽ പാസാക്കി പ്രസിഡന്റ്, സെക്രട്ടറി എന്നിവർ ഒപ്പിട്ട് അടുത്തമാസം 10-ാം തീയതിക്കകം കരയോഗം രജിസ്ട്രാർ ആഫീസിലേക്ക് അയക്കേണ്ടതുമാകുന്നു.

18. * കമ്മറ്റിയോഗതീരുമാനപ്രകാരം പൊതുയോഗം വിളിച്ചുകൂട്ടാനുള്ള അധികാരം സെക്രട്ടറിക്കുള്ളതാകുന്നു. എന്നാൽ അദ്ദേഹം അങ്ങിനെ വിളിച്ചുകൂട്ടാത്തപക്ഷം പ്രസിഡന്റിനോ കമ്മറ്റിമെമ്പർമാരിൽ 1/3 പേർ ചേർന്നോ യോഗം വിളിച്ചു കൂട്ടാവുന്നതാകുന്നു.

19. ഒരു കമ്മറ്റിമെമ്പർ നാലുയോഗത്തിന് തുടർച്ചയായി ഹാജരാകാതിരുന്നാൽ അദ്ദേഹത്തിന്റെ കമ്മറ്റിമെമ്പർ സ്ഥാനം നഷ്ടപ്പെടുന്നതാകുന്നു.

20. പ്രസിഡന്റ്, സെക്രട്ടറി മുതലായ ഉദ്യോഗസ്ഥ മെമ്പറന്മാർക്ക് യോഗസാധാരണമായ എല്ലാ അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്.

21. കമ്മറ്റിയുടെ അനുമതിപ്രകാരം യൂണിയനിലേക്കും, യൂണിയൻ വക സ്ഥാപനങ്ങളിലേക്കും ജീവനക്കാരെ നിയമിക്കാനും, ശിക്ഷിക്കാനും മാറ്റാനും ഉള്ള അധികാരം പ്രസിഡന്റിനായിരിക്കുന്നതാണ്.

22. കമ്മറ്റി മെമ്പറന്മാർ പ്രതിഫലം കൂടാതെ ജോലി ചെയ്യേണ്ടതാകുന്നു. എന്നാൽ സെക്രട്ടറിക്ക് എന്തെങ്കിലും അലവൻസോ, ശമ്പളമോ കൊടുക്കേണ്ടതാണെന്ന് പൊതുയോഗം നിശ്ചയിച്ചാൽ രജിസ്ട്രാരുടെ അനുവാദം വാങ്ങി ആ സംഖ്യ കൊടുക്കാവുന്നതാകുന്നു.

23. പൊതുയോഗം അനുവദിക്കുന്നതും, രജിസ്ട്രാർ സ്വീകരിക്കുന്നതുമായ വ്യവസ്ഥകൾപ്രകാരം കമ്മറ്റി മെമ്പറന്മാർ യൂണിയനുവേണ്ടി യാത്ര ചെയ്യുന്നതിന് യഥാർത്ഥത്തിലുള്ള യാത്രച്ചെലവ് യൂണിയൻ വഹിക്കേണ്ടതാകുന്നു.

---

18 * 8.2.2014-ൽ ഭേദഗതി വരുത്തി

24. കമ്മറ്റിയോഗത്തിലും, പൊതുയോഗത്തിലും സഹിതം പ്രസിഡന്റ് ആദ്ധ്യക്ഷം വഹിക്കേണ്ടതും, അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ വൈസ്പ്രസിഡന്റ് ആദ്ധ്യക്ഷം വഹിക്കേണ്ടതുമാകുന്നു. ഇവർ രണ്ടുപേരും ഹാജരില്ലെങ്കിൽ ഹാജരുള്ള അംഗങ്ങളിൽ നിന്നും ആരെയെങ്കിലും അദ്ധ്യക്ഷനായി തെരഞ്ഞെടുത്ത് യോഗകാര്യങ്ങൾ നിർവ്വഹിക്കാവുന്നതും അദ്ദേഹത്തിന് ആ യോഗത്തെ സംബന്ധിച്ചിടത്തോളം ഒരു പ്രസിഡന്റിനുള്ള സകല അധികാരങ്ങളും ഉണ്ടായിരിക്കുന്നതുമാകുന്നു.

25. യൂണിയൻ പരിശോധനാധികാരമുള്ള സർവ്വീസ് സൊസൈറ്റി ഉദ്യോഗസ്ഥന്മാർ, എൻ.എസ്.എസ്. ബോർഡുമെമ്പറന്മാർ ഇവരിലാരെങ്കിലും ഹാജരുള്ള പക്ഷം യോഗത്തിന്റെ അനുമതിപ്രകാരം ആദ്ധ്യക്ഷം വഹിക്കാവുന്നതാകുന്നു.

26. യൂണിയൻ അതിർത്തിയിലുള്ള കരയോഗങ്ങളുടെ മേലന്വേഷണം നടത്താനായി സൊസൈറ്റിയിൽനിന്നു നേരിട്ടു നിയമിക്കുന്ന ഒരു ഉദ്യോഗസ്ഥൻ ഉണ്ടായിരിക്കുന്നതാണ്.

എ. യൂണിയൻ പ്രവർത്തനങ്ങളെ ത്വരിപ്പിക്കുന്നതിനും, കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ശമ്പളം പറ്റുന്ന ഒരു "ഫുൾടൈം സെക്രട്ടറി" ആവശ്യമാകയാൽ കമ്മറ്റിയുടെ നിയന്ത്രണത്തിന് വിധേയനായി ഈ ഉദ്യോഗസ്ഥൻ (താലൂക്ക് എൻ.എസ്.എസ്. ഇൻസ്പെക്ടർ) യൂണിയൻ സെക്രട്ടറി കൂടി ആയിരിക്കുന്നതും അയാളുടെ ശമ്പളം സംഘടനാശാഖയിൽ നിന്നും നൽകുന്നതുമാകുന്നു.

ബി. ആ ഉദ്യോഗസ്ഥന്റെ പ്രതിമാസ പ്രോഗ്രാമും, ഡയറിയും, പിരിവു കണക്കും, മാസാന്ത്യവും യൂണിയൻ കമ്മറ്റി പരിശോധിച്ചു പാസാക്കി അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്തി, അംഗീകാരത്തിനും മേൽനടപടികൾക്കുമായി കരയോഗം രജിസ്ട്രാർക്ക് അയച്ചു കൊടുക്കേണ്ടതാകുന്നു.

സി. എന്നാൽ, ഇപ്രകാരം നിയമിക്കപ്പെടുന്ന ഇൻസ്പെക്ടർ കൂടിയായ യൂണിയൻ സെക്രട്ടറിക്ക്, യൂണിയൻ കമ്മറ്റിയിൽ വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല.

27. കരയോഗങ്ങളുടെ പ്രവർത്തനത്തേയും, കരയോഗ സ്ഥാപനങ്ങളുടെ ഭരണത്തേയും, യൂണിയൻ കമ്മറ്റിയുടെ അധികാരം സിദ്ധിച്ച ഏതൊരാൾക്കും പരിശോധിക്കാവുന്നതും, അവരുടെ റിപ്പോർട്ടുകൾ കമ്മറ്റിയുടെ നിരൂപണത്തിനുശേഷം രജിസ്ട്രാർക്കും, കരയോഗത്തിനും അയയ്ക്കേണ്ടതുമാണ്.

28. * യൂണിയനതിർത്തിയിൽപ്പെട്ട സമുദായാംഗങ്ങളുടെ ഇടയിലുണ്ടാകുന്ന തർക്കങ്ങളെയും വ്യവഹാരങ്ങളെയും പറഞ്ഞുതീർത്തു രാജിപ്പെടുത്തി ഐകമത്യം നിലനിർത്തേണ്ടത് യൂണിയന്റെ ഒരു പ്രധാന ചുമതലയാകയാൽ അതിലേക്ക് അഞ്ചിൽ കവിയാത്ത അംഗങ്ങളടങ്ങിയ പഞ്ചായത്തുകമ്മറ്റിയെ പൊതുയോഗം തിരഞ്ഞെടുക്കേണ്ടതും അവരുടെ കാലാവധി മൂന്നുവർഷം ആയിരി

---

26 (ഡി) 8.2.2014-ൽ ഒഴിവാക്കി

28 * 8.2.2014-ൽ ഭേദഗതി വരുത്തി

ക്കുന്നതും ഈ തിരഞ്ഞെടുപ്പിനും കരയോഗം രജിസ്ട്രാറുടെ [illegible] വാങ്ങേണ്ടതും ആകുന്നു.

29. യൂണിയൻ കമ്മറ്റിയിലെ അംഗങ്ങൾക്ക് പഞ്ചായത്തു കമ്മ[illegible] അംഗമാകുന്നതിന് വിരോധമില്ലാത്തതും ഈ കമ്മറ്റിക്ക് ഒരു പ്രസിഡന്റ് ഉണ്ടായിരിക്കേണ്ടതുമാകുന്നു.

30. പഞ്ചായത്ത് കമ്മറ്റി അംഗങ്ങളുടെ പേര് രജിസ്ട്രാർക്ക് എഴുതി അയച്ച് അംഗീകാരം വാങ്ങേണ്ടതുമാകുന്നു.

31. പഞ്ചായത്ത് സംബന്ധിച്ചുള്ള അപേക്ഷകൾ പൊതുയോഗനിശ്ചയപ്രകാരമുള്ള ഫീസോടുകൂടി യൂണിയൻ സെക്രട്ടറിക്കയക്കേണ്ടതും അദ്ദേഹം മേൽ നടപടിക്കായി അപേക്ഷ പഞ്ചായത്തു കമ്മറ്റി പ്രസിഡന്റിന് അയച്ചു കൊടുക്കേണ്ടതുമാകുന്നു.

32. യൂണിയന്റേയും, യൂണിയൻ വക പൊതുസ്ഥാപനങ്ങളുടേയും ഭരണത്തിനാവശ്യമുള്ളതും ഈ നിബന്ധനകൾക്ക് യോജിച്ചതുമായ ഉപചട്ടങ്ങളുണ്ടാക്കുവാൻ കമ്മറ്റിക്കധികാരമുള്ളതും അവ പൊതുയോഗം പാസാക്കിയശേഷം രജിസ്ട്രാരുടെ അനുമതി വാങ്ങി നടപ്പിൽ വരുത്താവുന്നതും ആകുന്നു.

33. യൂണിയൻ പൊതുയോഗം പാസാക്കുന്നതും, കരയോഗം രജിസ്ട്രാരുടെ അനുമതി ലഭിച്ചിട്ടുള്ളതുമായ ചട്ടങ്ങളനുസരിച്ച് യൂണിയൻ വക വിദ്യാലയങ്ങൾ, മന്ദിരങ്ങൾ, ആശ്രമങ്ങൾ, ക്ഷേത്രങ്ങൾ വ്യവസായ ശാലകൾ, സ്റ്റോറുകൾ, വായനശാലകൾ മുതലായ പൊതുസ്ഥാപനങ്ങൾ നടത്തേണ്ടതാകുന്നു.

34. ഭരണസൗകര്യത്തിനായി താലൂക്കിലുള്ള കരയോഗങ്ങളെ ഗ്രൂപ്പുകളായി തിരിക്കാനും, ഗ്രൂപ്പു യൂണിയൻ നിബന്ധനകളനുസരിച്ച് അവയെ പ്രവർത്തിപ്പിക്കാനും യൂണിയന് അധികാരമുണ്ടായിരിക്കുന്നതാണ്. എന്നാൽ അവയുടെ ലിസ്റ്റ് യഥാവസരം രജിസ്ട്രാർ ആഫീസിലേക്ക് എഴുതി അയക്കേണ്ടതുമാകുന്നു.

35. യൂണിയന് താഴെപ്പറയുന്ന റിക്കാർഡുകൾ ഉണ്ടായിരിക്കേണ്ടതാകുന്നു.

1) മിനിട്ടു ബുക്ക്, 2) നാൾവഴി, 3) കരയോഗം രജിസ്റ്റർ, 4) പ്രതിനിധി രജിസ്റ്റർ, 5) കരയോഗം കമ്മറ്റിക്കാരുടെ പേരുവിവര രജിസ്റ്റർ, 6) യൂണിയൻ കമ്മറ്റിക്കാരുടേയും വ്യക്തിമെമ്പറന്മാരുടേയും രജിസ്റ്റർ, 7) ഹാജർ രജിസ്റ്റർ, 8) രസീതു ബുക്ക്, 9) ഇൻവേഡ് രജിസ്റ്റർ, 10) ഔട്ടുവേഡ് രജിസ്റ്റർ, 11) സ്റ്റോക്ക് രജിസ്റ്റർ, 12) സന്ദർശക ഡയറി, 13) പ്രതിനിധി ഫീസ് പേരേട്, 14) സ്ഥിതി വിവരക്കണക്കു രജിസ്റ്റർ, 15) ഫയലുകൾ

36. നിബന്ധന 35-ാം വകുപ്പിൽ വിവരിക്കുന്നതും കൂടുതലായി രജിസ്ട്രാർ നിർദ്ദേശിക്കുന്നതുമായ റിക്കാർഡുകളും കണക്കുകളും കമ്മറ്റി സൂക്ഷിക്കേണ്ടതും, രജിസ്ട്രാർ ആവശ്യപ്പെടുന്ന കണക്കുകളും റിപ്പോർട്ടുകളും യഥാകാലം അയച്ചുകൊടുക്കേണ്ടതും ആകുന്നു. ആണ്ടുതോറും വർഷാവസാനക്കണക്കും, റിപ്പോർട്ടും ബഡ്ജറ്റും പൊതുയോഗത്തിൽ പാസാക്കിയശേഷം രജിസ്ട്രാർക്കയക്കേണ്ടതാകുന്നു.

37. രജിസ്ട്രാർക്കോ, അസി. രജിസ്ട്രാർക്കോ എൻ.എസ്.എസ്. എക്സിക്യൂട്ടീവ് അംഗങ്ങൾക്കോ യൂണിയൻ വക റിക്കാർഡുകൾ ഏതവസരത്തിലും പരിശോധിക്കുവാൻ അധികാരമുള്ളതും, ചുമതലക്കാർ അതിനുവേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കേണ്ടതുമാകുന്നു.

കമ്മറ്റിയോഗം

38. താഴെ വിവരിക്കുന്ന സംഗതികൾ യൂണിയൻ കമ്മറ്റിയുടെ ചുമതലയിൽ പ്പെടുന്നതാകുന്നു.

എ. * കരയോഗങ്ങളും വനിതാസമാജങ്ങളും ബാലസമാജങ്ങളും സംഘടിപ്പിച്ച് അവയുടെ മേലന്വേഷണം നടത്തുക.

ബി. കരയോഗങ്ങൾ, ഗ്രൂപ്പു യൂണിയൻ മുതലായി യൂണിയന്റെ മേലന്വേഷണ ത്തിലുള്ള എല്ലാ സ്ഥാപനങ്ങളുടേയും മാസാന്ത്യങ്ങൾ തുടങ്ങിയ സ്റ്റേറ്റുമെന്റു കൾ യഥാകാലം വരുത്തി പരിശോധിച്ച് അഭിപ്രായ സഹിതം രജിസ്ട്രാർ ആഫീസിലേക്ക് അയയ്ക്കുകയും ആ സ്ഥാപനങ്ങൾക്ക് കാര്യക്ഷമമായ പ്രവർത്തനത്തിന് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.

സി. സന്ദർശക റിപ്പോർട്ടിൽ കാണുന്ന ന്യൂനതകൾ പരിഹരിക്കാൻ വേണ്ടതു പ്രവർത്തിക്കുക.

ഡി. ഗ്രാമോദ്ധാരണപരമായിട്ടുള്ള പ്രവർത്തനങ്ങളിൽ കരയോഗങ്ങൾക്കുവേണ്ട ഉപദേശങ്ങളും സഹായങ്ങളും ചെയ്യുക.

ഇ. കരയോഗങ്ങൾ, ഗ്രൂപ്പു യൂണിയനുകൾ മുതലായ സ്ഥാപനങ്ങളുടെ കണക്കുകൾ പരിശോധിക്കുക, ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക.

എഫ്. രജിസ്ട്രാർ ആവശ്യപ്പെടുന്ന സ്റ്റേറ്റുമെന്റുകളും കണക്കുകളും അയച്ചു കൊടുക്കുക.

ജി. കരയോഗം ഇൻസ്പെക്ടറുടെ പ്രോഗ്രാം, ഡയറി, പിരിവുകണക്ക്, മാസാന്ത്യം ഇവ പരിശോധിച്ച് പാസാക്കുക. അതിന്മേൽ ആവശ്യമായ തീരുമാനങ്ങൾ ചെയ്ത് രജിസ്ട്രാർ ആഫീസിലേക്ക് റിപ്പോർട്ടു ചെയ്യുക.

എച്ച്. ബഡ്ജറ്റ്, വാർഷികറിപ്പോർട്ട് ഇവ തയ്യാറാക്കി പൊതുയോഗസമക്ഷം സമർപ്പിക്കുക.

ഐ. പൊതുയോഗ നിശ്ചയമനുസരിച്ചുള്ള മറ്റു കാര്യങ്ങൾ നടത്തുക.

39. കമ്മറ്റിയുടെ നിശ്ചയപ്രകാരമോ യൂണിയനംഗങ്ങളിൽ മൂന്നിലൊന്നിൽ കുറയാതെയുള്ള അംഗങ്ങളുടെ അപേക്ഷയിന്മേലോ, പ്രസിഡന്റിന്റെയോ, രജിസ്ട്രാരുടെയോ, അസി. രജിസ്ട്രാരുടെയോ ആവശ്യപ്രകാരമോ സെക്രട്ടറി പൊതുയോഗം വിളിച്ചുകൂട്ടേണ്ടതാകുന്നു. രണ്ടാഴ്ചയ്ക്കകം അപ്രകാരം ചെയ്യുന്നില്ലെങ്കിൽ മേല്പറഞ്ഞവർക്ക് പൊതുയോഗം വിളിച്ചുകൂട്ടുവാനും ഭൂരിപക്ഷപ്രകാരം തീരുമാനങ്ങൾ ചെയ്ത് കാര്യാദികൾ നടത്തിക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്. എന്നാൽ അപ്രകാരം വിളിച്ചുകൂട്ടുന്ന യോഗത്തിനുള്ള നോട്ടീസിൽ ആലോചനാവിഷയം വ്യക്തമായി കാണിച്ചിരിക്കേണ്ടതാകുന്നു.

---

38 (എ) * 8.2.2014-ൽ ഭേദഗതി വരുത്തി

പൊതുയോഗം

40. യൂണിയൻ പൊതുയോഗം ആവശ്യംപോലെ കൂടാവുന്നതും ആണ്ടിൽ രണ്ടുപ്രാവശ്യമെങ്കിലും കൂടേണ്ടത് നിർബന്ധവും ആകുന്നു.

41. പൊതുയോഗത്തിന്റെ സാധാരണ കൃത്യങ്ങൾ താഴെപ്പറയുന്നവയാകുന്നു.

എ. കമ്മറ്റിമെമ്പറന്മാരേയും അവരിൽ നിന്ന് പ്രസിഡന്റ് മുതലായ ഉദ്യോഗസ്ഥ മെമ്പറന്മാരേയും തെരഞ്ഞെടുക്കുക.

ബി. യൂണിയൻ പ്രവർത്തനത്തിനാവശ്യമായ സബ്കമ്മറ്റികൾ രൂപീകരിക്കുക.

സി. പഞ്ചായത്തു കമ്മറ്റിയേയും അതിന്റെ പ്രസിഡന്റിനേയും തെരഞ്ഞെടുക്കുക.

ഡി. കമ്മറ്റി ഹാജരാക്കുന്ന ബഡ്ജറ്റ്, ആണ്ടറുതിക്കണക്ക്, വാർഷിക റിപ്പോർട്ട് മുതലായവ നിരൂപണം ചെയ്തു പാസാക്കുക.

ഇ. യൂണിയൻ ജീവനക്കാരുടെ ശമ്പളം, അലവൻസ് ഇവ നിശ്ചയിക്കുക.

എഫ്. കമ്മറ്റി മെമ്പറന്മാരുടേയും, യൂണിയൻ സെക്രട്ടറിയുടേയും പേരിലുള്ള ആവലാതികൾ കേട്ടു തീരുമാനിക്കുക.

ജി. രജിസ്ട്രാരുടെ അനുവാദത്തോടുകൂടി യൂണിയൻ നിബന്ധനകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയും ഉപനിബന്ധനകൾ ഉണ്ടാക്കുകയും ചെയ്യുക.

എച്ച്. കമ്മറ്റിയുടെ ജോലി നിയന്ത്രിക്കുക.

ഐ. യൂണിയൻ നിബന്ധനകൾക്കും നിശ്ചയങ്ങൾക്കും വിപരീതമായി പെരുമാറുന്ന കരയോഗങ്ങളെയോ, അംഗങ്ങളേയോ യൂണിയനിൽ നിന്നും വേർപെടുത്താനായി രജിസ്ട്രാരോട് ശുപാർശ ചെയ്യുക.

ജെ. എൻ.എസ്.എസ്. പ്രതിനിധിയെ തെരഞ്ഞെടുക്കുക.

കെ. * യൂണിയൻ സെക്രട്ടറി കൂടിയായ ഇൻസ്പെക്ടറുടെ പേരിൽ തക്കതായ വീഴ്ചയുണ്ടെന്നോ, പ്രവർത്തനം തൃപ്തികരമല്ലെന്നോ തോന്നുന്നപക്ഷം ആ ഉദ്യോഗസ്ഥന്റെ പേരിൽ പൊതുയോഗത്തിന് അവിശ്വാസം രേഖപ്പെടുത്താവുന്നതും, അപ്രകാരം അവിശ്വാസപ്രമേയം പാസ്സാക്കി യൂണിയൻ റിപ്പോർട്ടു ചെയ്യുന്നപക്ഷം രജിസ്ട്രാർ അതിന്മേൽ തക്കതായ നടപടി സ്വീകരിക്കേണ്ടതാകുന്നു. എന്നാൽ, ഇപ്രകാരം അവിശ്വാസം പാസ്സാക്കുന്ന യൂണിയൻ പൊതുയോഗത്തിൽ ആകെയുള്ള അംഗങ്ങളുടെ 51 ശതമാനമെങ്കിലും ഹാജരുണ്ടായിരിക്കേണ്ടതാകുന്നു.

42. യൂണിയൻ പ്രതിനിധി ഫീസ് കുടിശികയുള്ള കരയോഗങ്ങളുടെ പ്രതിനിധികൾക്കും, വ്യക്തിമെമ്പറന്മാർക്കും പൊതുയോഗത്തിൽ സംബന്ധിക്കുവാൻ അവകാശമില്ലാത്തതാകുന്നു.

---

41 (കെ) * 8.2.2014-ൽ ഭേദഗതി വരുത്തി

43. സംഘടിത കരയോഗങ്ങളും, വ്യക്തിമെമ്പറന്മാരും യൂണിയനിൽ അടയ്ക്കേണ്ട ഫീസ് അതാതാണ്ട് മാർച്ച് മാസം 31-ാം തീയതിക്കകം അടച്ചു തീർത്തിരിക്കേണ്ടതാകുന്നു.

44. പൊതുയോഗത്തിന്റെ കോറം ഇരുപത്തിയഞ്ചോ, നാലിലൊന്നോ ഏതു കുറവോ അതായിരിക്കുന്നതാണ്.

45. യോഗത്തിന്റെ ഭൂരിപക്ഷമനുസരിച്ച് കാര്യങ്ങൾ തീരുമാനിക്കേണ്ടതും പ്രസിഡന്റിന് കാസ്റ്റിംഗ് വോട്ടുണ്ടായിരിക്കുന്നതുമാണ്.

46. ആണ്ടുതോറുമുള്ള യൂണിയൻ പ്രവർത്തനങ്ങളുടെ വാർഷികറിപ്പോർട്ടും ആണ്ടറുതി കണക്കും അടുത്ത വർഷത്തേക്കുള്ള ബഡ്ജറ്റും പൊതുയോഗം പാസാക്കി അടുത്ത ആണ്ട് ഏപ്രിൽ 30-ാം തീയതിക്കകം രജിസ്ട്രാർക്ക് അയച്ചു കൊടുക്കേണ്ടതും രജിസ്ട്രാർ അവ പരിശോധിച്ചു നൽകുന്ന നിർദ്ദേശങ്ങളെ കൂടി അവലംബിച്ച് പ്രവർത്തനപദ്ധതി രൂപീകരിക്കേണ്ടതുമാകുന്നു.

47. യൂണിയൻവർഷം ഏപ്രിൽ 1-ാം തീയതി ആരംഭിക്കുന്നതാകുന്നു.

48. യൂണിയന് സർവ്വീസ് സൊസൈറ്റിയിൽ മെമ്പർഷിപ്പെടുക്കാവുന്നതും ഈ കാര്യത്തിൽ കരയോഗങ്ങൾക്കനുവദിച്ചിട്ടുള്ളതുപോലെ 1000 രൂപാ ഒന്നായിട്ടോ 250 രൂപാ വീതം നാലു ഗഡുക്കളായിട്ടോ അടച്ചു തീർക്കേണ്ടതുമാകുന്നു.

49. യൂണിയൻ ആഫീസും യൂണിയൻ വക റിക്കാർഡുകളും മുദ്ര, ഫർണീച്ചർ മുതലായവയും സെക്രട്ടറിയുടെ അധീനതയിലിരിക്കേണ്ടതാകുന്നു.

50. * പ്രസിഡന്റ്, ഖജാൻജിയും കൂടി ആയിരുക്കുന്നതാണ്. നീക്കിയിരുപ്പുസംഖ്യ ഏതെങ്കിലും ദേശസാൽകൃതബാങ്കിലോ ഷെഡ്യൂൾഡ് ബാങ്കിലോ പ്രസിഡന്റിന്റെ പേരിൽ നിക്ഷേപിക്കേണ്ടതാകുന്നു. യൂണിയനിലേക്കുള്ള എല്ലാ വരവുകൾക്കും സെക്രട്ടറി രസീത് കൊടുത്ത് പണം വാങ്ങേണ്ടതും, 3000 രൂപയിൽ കവിയാത്ത സംഖ്യ സെക്രട്ടറിയുടെ കൈവശം വച്ചുകൊണ്ടിരിക്കാവുന്നതും, ബാക്കിവരുന്നത് പ്രസിഡന്റിന്റെ പേരിൽ ബാങ്കിൽ നിക്ഷേപിക്കേണ്ടതും ആകുന്നു.

51. പൊതുയോഗത്തിനുള്ള നോട്ടീസ് ഏഴ് ദിവസമെങ്കിലും മുമ്പ് കൊടുത്തിരിക്കേണ്ടതാകുന്നു.

52. യൂണിയന്റെ ആഫീസ് താലൂക്കിന്റെ കേന്ദ്രമായ ഒരു സ്ഥാനത്ത് പൊതുയോഗ നിശ്ചയപ്രകാരം സ്ഥാപിച്ചിരിക്കേണ്ടതാകുന്നു.

---

50 * 8.2.2014-ൽ ഭേദഗതി വരുത്തി

51 (മുൻപ് ഉായിരുന്നത്) 8.2.2014-ൽ ഒഴിവാക്കി

53. * യൂണിയന് എഴുതിവാങ്ങുന്ന എല്ലാ പ്രമാണങ്ങളു[illegible]ത്തുകാ[illegible] പ്രസിഡന്റിന്റെ പേർക്ക് എഴുതിവാങ്ങേണ്ടതും, വല്ല പ്രമാണവു[illegible]ാടു ക്കേണ്ടതായിവന്നാൽ പൊതുയോഗത്തിന്റെ രേഖാമൂലമായ അനുവാദത്തോ ടുകൂടി പ്രസിഡന്റും സെക്രട്ടറിയുംകൂടി ചേർന്ന് എഴുതിക്കൊടുക്കേണ്ടതും എന്നാൽ, യൂണിയൻവക യാതൊരു സ്ഥാവരസ്വത്തുക്കളും കരയോഗം രജി സ്ട്രാറുടെ രേഖാമൂലമായ അനുവാദംകൂടാതെ കടപ്പെടുത്തുകയോ വില്ക്കു കയോ കൈമാറ്റം ചെയ്യുകയോ ചെയ്യാൻ പാടില്ലാത്തതുമാകുന്നു.

എ. ** യൂണിയന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി യൂണിയൻവക ഫണ്ടുകൾ, സ്ഥാവര-ജംഗമവസ്തുക്കൾ, യൂണിയൻ കമ്മറ്റിക്ക് / എക്സിക്യൂട്ടീവ് കമ്മറ്റിക്ക് നിക്ഷേപിക്കാവുന്നതും അങ്ങനെയുള്ള നിക്ഷേപങ്ങൾ ഇൻകം ടാക്സ് ആക്ട് 1961-ന്റെ സെക്ഷൻ 13(1) (ഡി)യും, സെക്ഷൻ 11 (5)-ഉം പ്രകാരമായിരിക്കുകയും വേണം.

54. ** യൂണിയൻവക സ്വത്തുക്കളോ ആദായമോ ഒരു കാലത്തും യാതൊരു കാരണവശാലും അംഗങ്ങൾക്ക് വീതിച്ചെടുക്കുവാൻ പാടില്ലാത്തതും ഏതെങ്കിലും കാരണവശാൽ യൂണിയൻ പിരിഞ്ഞുപോവുകയോ പ്രവർത്തനം നിന്നുപോവുകയോ ചെയ്താൽ ആവക സ്വത്തുക്കൾ അംഗങ്ങൾക്ക് / ട്രസ്റ്റികൾക്ക് / മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്ക് / ഗവേണിംഗ് ബോഡി അംഗങ്ങൾക്കോ വീതിച്ചെടുക്കാൻ പാടില്ലാത്തതും, അവ ഇൻകം ടാക്സ് ആക്ട് 1961 u/s 12 AA പ്രകാരം രജിസ്ട്രേഷൻ ഉള്ളതും യൂണിയന്റെ / അസോസിയേഷന്റെ സമാനമായ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നതുമായ ചാരിറ്റബിൾ ട്രസ്റ്റ് / സൊസൈറ്റിക്ക് കൈമാറ്റം ചെയ്യേണ്ടതുമാണ്. അല്ലാത്തപക്ഷം ഗവണ്മെന്റിൽ നിക്ഷിപ്തമായിരിക്കും.

എ. ** യൂണിയന്റെ വരുമാനം / ഫണ്ടുകൾ യൂണിയന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കു മാത്രമായിരിക്കും ഉപയോഗിക്കേണ്ടത്. യൂണിയന്റെ വരുമാനം /ഫണ്ടുകളിൽനിന്ന് അംഗങ്ങൾ / ഭാരവാഹികൾ/ ട്രസ്റ്റികൾ/ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ/ ഗവേണിംഗ് ബോഡി അംഗങ്ങൾക്കോ ലാഭമായോ ലാഭവിഹിതമായോ പലിശയിനത്തിലോ സമാനമായ മറ്റിനങ്ങളിലോ യാതൊരു തുകയും നല്കുവാൻ പാടില്ലാത്തതാകുന്നു.

55. * യൂണിയൻ ഭരണത്തിൽ അഭിപ്രായവ്യത്യാസംമൂലം ഭരണസ്തംഭനമോ മറ്റു കുഴപ്പമോ ഉണ്ടായാൽ അത് പരിഹരിക്കുന്നതിനും, യൂണിയന്റെയും യൂണിയൻവക സ്ഥാപനങ്ങളുടെയും നിലനില്പിനും സംരക്ഷണത്തിനും വേണ്ടി ക്ലിപ്തകാലത്തേക്ക് യൂണിയൻവക സ്ഥാപനങ്ങൾ ഉൾപ്പെടെ യൂണിയൻഭരണം കരയോഗം രജിസ്ട്രാർക്ക് ഏറ്റെടുക്കാവുന്നതും രജിസ്ട്രാറുടെ യുക്തപ്രകാരം ഒരു അഡ്ഹോക്ക് കമ്മറ്റിയെ ഏല്പിച്ച് ഭരണം നടത്താവുന്നതുമാകുന്നു.

---

53 * 8.2.2014-ൽ ഭേദഗതി വരുത്തി

എ ** 24.2.2023-ൽ ഭേദഗതി വരുത്തി

54 * 24.2.2023-ൽ ഭേദഗതി വരുത്തി

എ ** 24.2.2023-ൽ ഭേദഗതി വരുത്തി

55 * 8.2.2014-ൽ ഭേദഗതി വരുത്തി

56. ബഡ്ജറ്റ് അനുവാദം ലഭിച്ചിട്ടുള്ള പക്ഷം കമ്മറ്റിയുടേയോ അല്ലാത്തപക്ഷം പൊതുയോഗത്തിന്റേയോ അനുവാദത്തോടുകൂടി മാത്രമേ നിക്ഷേപത്തുകയിൽ നിന്ന് എടുക്കുവാൻ പ്രസിഡന്റിന് അധികാരമുണ്ടായിരിക്കുകയുള്ളു.

57. യൂണിയന് ഒരു മുദ്ര ഉണ്ടായിരിക്കേണ്ടതാണ്.

58. ഈ നിബന്ധനയിൽ വല്ലതിന്റേയും അർത്ഥത്തെപ്പറ്റിയോ, സ്ഥലവ്യാപ്തിയെപ്പറ്റിയോ, മറ്റു കാര്യങ്ങളെ സംബന്ധിച്ചോ സംശയം ജനിക്കുന്നതായാൽ രജിസ്ട്രാരുടെ തീരുമാനം അവസാന തീരുമാനമായിരിക്കുന്നതാണ്.

59. * ഈ നിബന്ധനകളിൽ കാര്യനടത്തിപ്പിന് ആവശ്യമുള്ള ഭേദഗതികൾ വരുത്തുന്നതിന് പൊതുയോഗത്തിന് അധികാരമുണ്ടെങ്കിലും പൊതുയോഗം അംഗീകരിച്ച ഭേദഗതി കരയോഗം രജിസ്ട്രാറുടെ അനുവാദം ലഭിച്ചതിനു ശേഷം മാത്രമേ നടപ്പിൽ വരുത്താൻ പാടുള്ളു.

നിയമാവലിയിൽ ഇത്തരത്തിലുണ്ടാകുന്ന ഭേദഗതികൾ നിയമാവലിയുടെ അടിസ്ഥാനസ്വഭാവത്തിനും ലക്ഷ്യത്തിനും എതിരാകാൻ പാടില്ലാത്തതും, ഇൻകം ടാക്സ് ആക്ട് 1961 u/s 2(15), 11, 12, 13, 80G ക്കും വിരുദ്ധമാകാൻ പാടില്ലാത്തതുമാണ്.

ഇത്തരത്തിലുള്ള ഭേദഗതികൾക്ക് യൂണിയനുമേൽ അധികാരമുള്ള ഇൻകം ടാക്സ് കമ്മീഷണറുടെ മുൻകൂട്ടിയുള്ള അനുമതി നിർബന്ധമാണ്.

60. * ഈ നിബന്ധനകൾ പ്രകാരം രൂപീകൃതമായ യൂണിയൻ / അസോസിയേഷൻ റദ്ദാക്കാനാകാത്തതായിരിക്കും.

61. * യൂണിയന്റെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും ഇന്ത്യയിൽ മാത്രമായിരിക്കേണ്ടതും യൂണിയന്റെ വരുമാനമോ ആസ്തികളോ ഇന്ത്യക്ക് പുറത്ത് ഉപയോഗിക്കാൻ പാടില്ലാത്തതുമാകുന്നു.

59, 60, 61 * 24.2.2023-ൽ ഭേദഗതി വരുത്തി